കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പാലമേൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ്കാര്യാലയം ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി6-1369/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,ആലപ്പുഴ

ഫോൺ: 0477-2252753

ഇ.മെയിൽ:ddhglfalpy@gmail.com.

തീയതി: 15.11.2017

ഡെപ്യൂട്ടി ഡയറക്ടർ

.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പാലമേൽ ഗ്രാമ പഞ്ചായത്ത്

.

സർ,

വിഷയം: പാലമേൽ ഗ്രാമ പഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

****************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാലമേൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്എ/എ.എൽ.പി/പി6-1369/2017 തീയതി:15.11.2017

# ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 24.102017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ഹരികുമാർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 25.10.17മുതൽ 01.11.2017 വരെ | ശ്രീമതി.സുജ.എൻ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)<br>ശ്രീ.വി.കെ.രഞ്ജീവ്, ഓഡിറ്റ് ഓഫീസർ (26.10.17 മുതൽ)<br>ശ്രീ.പ്രവീൺഷേണായ്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ദീപ.കെ.ഗോപാൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (26.10.17 മുതൽ)<br>ശ്രീ.ഫമിൻ.എസ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ (30.10.17-01.11.17)<br>ശ്രീമതി.ഷീബ.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഓമനവിജയൻ | 1.4.2016മുതൽ 31.03.2017വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.എ.ബിന്ദുരാജ്. | 11.8.2015മുതൽ 15.12.2016വരെ |
| | ശ്രീ.നന്ദകുമാർ | 16.12.2016മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.സിജി സൂസൻ ജോർജ് | 1.4.16.മുതൽ 31.3.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. കെ.എം രവി | 1.4.16.മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. തനുജ | 1.4.16.മുതൽ 31.3.17 വരെ |
| വി.ഇ.ഒ. (കുടശ്ശനാട്) | ശ്രീ.ദിലീപ് കുമാർ | 1.4.16.മുതൽ 31.3.17 വരെ |
| വി.ഇ.ഒ. (പണയിൽ) | ശ്രീമതി ബിനു.വി | 1.4.16 മുതൽ 31.3.17 വരെ |
| ഐസിഡിഎസ് സൂപ്പർവൈസർ | ശ്രീമതി. കവിത<br>ശ്രീമതി.ദിവ്യ.വി.എസ് | 1.4.15.മുതൽ 31.7.16 വരെ<br>1.8.16മുതൽ 31.3.17 വരെ |
| പ്രധാനാദ്ധ്യാപിക | ശ്രീമതി.ആർ.ശൈലജ | 1.4.16മുതൽ 31.3.17 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.അബ്ദുൾ വാഹിത് | 1.4.16മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ക്രമ നം. | ഖണ്ഡിക നം. | ഭാഗം 1 |
|---|---|---|
| 1 | 1-1മുതൽ 1-9 വരെ | പൊതു അവലോകനം |
| | | ഭാഗം 2 |
| 2 | 2-1 | അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തു നികുതി ഈടാക്കുന്നില്ല |
| 3 | 2-2 | മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല |
| 4 | 2-3 | ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി വാടകയ്ക്ക് നൽകുന്നില്ല |
| 5 | 2-4 | കമ്മ്യൂണിറ്റി ഹാൾ - കുറഞ്ഞ വാടക ഈടാക്കുന്നു |
| 6 | 2-5 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല |
| 7 | 2-6 | ഇ-ടെന്റർ-വഴി ലഭിക്കുന്ന ടെണ്ടർഫീസ് പഞ്ചായത്തിൽ തിരികെ ലഭിച്ചില്ല - വരവ് നഷ്ടം.130210 രൂപ. |
| 8 | 2-7 | ടോട്ടൽ സാനിട്ടേഷനായി രണ്ട് അക്കൗണ്ടുകൾ |
| 9 | 2-8 | ദുരിതാശ്വാസനിധി - പ്രവർത്തനരഹിതം |
| | | ഭാഗം 3 |
| 10 | 3-1 | മാർഗരേഖ ലംഘിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു |
| 11 | 3-2 | സ്ഥലം പഞ്ചായത്തിനു കൈമാറാതെ റോഡ്നിർമ്മാണം |
| 12 | 3-3 | അംഗനവാടിക്ക് ഗ്യസ് സ്റ്റൌ, കുടിവെള്ള ജാർ വാങ്ങൽ - കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല – അധിക ചെലവ് |
| 13 | 3-4 | കോളനികളിൽ കുടിവെള്ളമെത്തിയില്ല; 28.24 ലക്ഷത്തിന്റെ പദ്ധതികൾ നിക്ഷേപമായി തുടരുന്നു |
| 14 | 3-5 | ഉപയോഗിച്ച തടി ഏതെന്ന് തെളിവില്ല; കോൺഫറൻസ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങിയതിൽ അപാകങ്ങളും അധികച്ചെലവും |
| 15 | 3-6 | സേവന നികുതി - ഒടുക്കുവരുത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന് നഷ്ടം |
| 16 | 3-7 | ഹോമിയോ മരുന്ന് ലഭിച്ചില്ല |
| 17 | 3-8 | പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നുവാങ്ങൽ- മരുന്നുപൂർണ്ണമായും ലഭിച്ചില്ല |
| 18 | 3-9 | എസ്സ്.എസ്സ്.എ.ഫണ്ട് വിനിയോഗം. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.(പ്രോജക്ട്നം.28/17) |
| | | ഭാഗം 4 |
| 19 | 4-1മുതൽ 4-10 വരെ | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 20 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 21 | അനുബന്ധം2 | കമ്മറ്റിയിൽ പങ്കെടുത്തവരുടെ പേരുവിവരം |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 3.3.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 145959508 | 14405049 |
| വാർഷിക കണക്ക് പ്രകാരം | 70784752 | 58422998 |

യഥാർത്ഥ വരവ് ചെലവുകൾ പ്രതീക്ഷിത വരവ് ചെലവുകളുടെ അമ്പത് ശതമാനത്തിലും താഴെയാണ്. മുൻവർഷത്തെ യഥാർത്ഥ വരവുചെലവുകളെ അടിസ്ഥാനമാക്കി യാഥാർത്ഥ്യബോധത്തോടെ ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

പരിശോധനാ വിവരങ്ങൾ ഖണ്ഡിക 4-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 15395128 | 13759364 | 89.37 |
| വികസനഫണ്ട് എസ്.സി.പി. | 10189827 | 8457920 | 83.0 |
| വികസനഫണ്ട് ടി.എസ്.പി. | - | - | - |
| സംരക്ഷണഗ്രാന്റ് റോഡ് | 7783188 | 5750906 | 73.88 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4122843 | 2685680 | 65.14 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8633471 | 6492566 | 75.2 |
| പെർഫോമൻസ് ഗ്രാന്റ് | 4521347 | 3164100 | 69.98 |
| എം.എൻ.ആർ. ഇ. ജി.എസ്. | 49451451 (മുന്നിരിപ്പ് 74509 ഉൾപ്പടെ) | 48822563 (നീക്കിയിരിപ്പ് 628888 ഉൾപ്പടെ) | 98.72 |
| ബി ഫണ്ട് | 62420620 | 62420620 | 100 |

1-4പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 144 | 60167182 | 109 | 42138189 | 15 | 33 | 77 |

1-6 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 67.25 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 3894862 | 7061727 | 3166865 | 81.31 |
| നികുതിയേതര വരവുകൾ | 825700 | 1195193 | 369493 | 44.75 |
| മറ്റുവരവുകൾ | 385748 | 283434 | (-)102314 | (-) 26.52 |
| ആകെ | 5106310 | 8540354 | 3434044 | 67.25 |

1-7ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 514680 | 327 |
| കർഷകതൊഴിലാളി പെൻഷൻ | 4723090 | 508 |
| വിധവാപെൻഷൻ | 14326070 | 1400 |
| വാർദ്ധക്യകാലപെൻഷൻ | 38489920 | 3048 |
| വികലാംഗപെൻഷൻ | 3190160 | 352 |
| വിധവകളുടെ പെൺ മക്കളുടെ വിവാഹ ധനസഹായം | 576700 | 62 |
| അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 600000 | 20 |
| | 62420620 | 5717 |

വിവിധ ക്ഷേമപെൻഷനുകൾക്ക് 5717 ഗുണഭോക്താക്കൾക്കായി 62420620/- രൂപ ചെലവഴിച്ചിട്ടുണ്ട്.

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28/10/2017ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2380/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.7.17മുതൽ 12.17.17വരെ | ജൂൺ2017 | എ4/7642/17 dt.16.08.17 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.10.17മുതൽ 27.10.17 വരെ | 2012-13മുതൽ 2016-17 വരെ | ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 അനധികൃത നിർമ്മാണത്തിന് ബാധകമായ വസ്തു നികുതി ഈടാക്കുന്നില്ല

പഞ്ചായത്തിലെ 12-ാം വാർഡിൽ സർവ്വേ നമ്പർ 537/14, 537/14/2-1എന്നിവയിൽപ്പെട്ട 3.51 ആർ (1.80+1.71) സ്ഥലത്ത് ശ്രീ.ഈപ്പന്റെ (എബനേസർ ചർച്ച്, നൂറനാട്) ഉടമസ്ഥതയിലുള്ള 43.17ച.മി ചർച്ച് കെട്ടിടത്തിനോട് ചേർന്ന് അനധികൃതമായി നിർമ്മിച്ച 123.84 ച.മീ. കെട്ടിടം (അസംബ്ലി ഹാൾ) ക്രമീകരിക്കാൻ 29/8/16 ൽ ഉടമസ്ഥൻ അപേക്ഷ നൽകി. തുടർന്ന് എൻജിനീയറിംഗ് വിഭാഗം കെട്ടിടം പരിശോധിച്ചു. കെട്ടിടത്തിന് നിയമാനുസൃത പാർക്കിംഗ് ഇല്ലാത്തതിനാലും അനുവദനീയമായ കവറേജിൽ അധികമാകയാലും വശങ്ങൾ, പിന്നാംപുറം എന്നിവിടങ്ങളിലെ അതിരിൽ നിന്നുള്ള അകലം നിയമാനുസൃതമായത്രയും ഇല്ലാത്തതിനാലും നിർമ്മാണം ക്രമവത്കരിക്കാവുന്നതല്ല എന്ന് ഓവർസിയർ 28.1.2017 ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 35, പട്ടിക 2 പ്രകാരം സമ്മേളന സ്ഥലങ്ങൾക്ക് അനുവദനീയമായ പരമാവധി കവറേജ് 35 ശതമാനമാണ്. ഈ കെട്ടിടത്തിന്റെ കവറേജ് 47.58 ശതമാനവുമാണ്. വിശദവിവരം ചുവടെ ചേർക്കുന്നു

എ)സ്ഥല വിസ്തീർണ്ണം - 3.51 ആർ

ബി) കെട്ടിടങ്ങളുടെ (ഒറ്റനില) തറവിസ്തീർണ്ണം - 167.01 ച.മി.

സി) കവറേജ് (ബി/എ) - 47.58 %

ഡി) അനുവദനീയമായ കവറേജ് - 35%

ഇ) പരമാവധി അനുവദനീയമായ ഒറ്റനില തറവിസ്തീർണ്ണം - 122.85 ച.മി. (351x35/100)

എഫ് ) അധിക നിർമ്മാണം (ബി-ഇ) - 44.16 ച.മി.

ചട്ടവിരുദ്ധനിർമ്മാണം ക്രമവത്കരിക്കാൻ കഴിയില്ലെന്ന് കാണിച്ച് ഉടമസ്ഥന് കത്ത് നൽകിയതൊഴിച്ചാൽ (01.02.2017 തീയതിയിൽ C27715/16 നമ്പരായി) മറ്റ് നടപടികളൊന്നും സ്വീകരിച്ചില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 ഡബ്ല്യു, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 19, 20 എന്നിവ പ്രകാരം അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളതിനാൽ അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിന് ആയത് ക്രമവത്കരിക്കുകയോ (വകുപ്പ് 235 എ, ബി) അഥവ അനധികൃത നിർമ്മാണം പോളിച്ച് നീക്കുകയോ(വകുപ്പ് 235 ഡബ്ല്യു) ചെയ്യുംവരെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235എ.എ പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായിരുന്നെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടിയും ചേർന്നുള്ള തുക, വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ഇത്തരം നിർമ്മാണങ്ങൾക്ക് യു.എ.നമ്പർ നൽകി പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. സമ്മേളന സ്ഥലങ്ങൾക്ക് പഞ്ചായത്തിൽ ബാധകമായ വസ്തു നികുതി ചതുരശ്ര മീറ്ററിന് നാൽപ്പത് രൂപയാണ്. ഇത് പ്രകാരം അനധികൃതമായി നിലനിൽക്കുന്ന 123.84 ച.മി. കെട്ടിടത്തിന് ഒരുവർഷം 14862 രൂപ (123.84x40x3) വസ്തുനികുതി ഈടാക്കേണ്ടതാണ് (2016-17 ഒന്നാം അർദ്ധ വർഷം മുതൽ). എന്നാൽ ഇതുവരെ വസ്തുനികുതി ഡിമാന്റ് ചെയ്തിട്ടില്ല. അടിയന്തിരമായി വസ്തുനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2016-17 ലെ വസ്തുനികുതി 14862/-രൂപ കെട്ടിട ഉടമയിൽ നിന്ന് ഈടാക്കാൻ കഴിയാത്തപക്ഷം ആയത് തുക ഡിമാന്റ് ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സെക്രട്ടറിയുടെ ബാദ്ധ്യതയായിരിക്കും.

### 2-2 മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ പുതുക്കിയ വസ്തുനികുതി സംബന്ധിച്ച വിജ്ഞാപനപ്രകാരം പഞ്ചായത്ത് പരിധിയിൽ

പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതിയായി ചതുരശ്രമീറ്ററിന് 500/-രൂപ ഈടാക്കാവുന്നതാണ്. എന്നാൽ ഈയിനത്തിൽ പഞ്ചായത്തിന് വരവില്ല. പെർമിറ്റ് നൽകിയിട്ടുള്ളതോ പ്രവർത്തിക്കുന്നതോ ആയ മൊബൈൽ ടവറുകളുടെ എണ്ണം, വസ്തുനികുതി ഡിമാന്റ് ചെയ്തത് സംബന്ധിച്ച രേഖകൾ, പിരിച്ചെടുത്തതും ലഭിക്കാനുള്ളതുമായ തുക എന്നിവ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതിന് ഓഡിറ്റ് അന്വേഷണം 5, തീയതി: 27.10.17 ന് ലഭ്യമാക്കിയതിന് പഞ്ചായത്തിലെ 19-ാം വാർഡിൽ ഒരു ടവ്വർ പ്രവർത്തിക്കുന്നുണ്ട് മറ്റ് ടവറുകളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല എന്ന മറുപടി നൽകി. 19 വാർഡുകളുള്ള പാലമേൽ പഞ്ചായത്തിൽ ഒരു ടവ്വർ മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്നത് ശരിയായ വിവരമല്ല. പഞ്ചായത്തിലെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണിയിച്ച് കുടിശ്ശിക സഹിതം ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-3 ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി വാടകക്ക് നൽകുന്നില്ല

ഗ്രാമ പഞ്ചായത്തിന്റെ കുടശ്ശനാടുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ 30-ാം നമ്പർ കടമുറി 2014-15 മുതൽ വാടകക്ക് നല്കുന്നില്ല. മൂന്ന് വർഷത്തോളം കടമുറി ലേലം ചെയ്യാതിരുന്നതിനാൽ ഗ്രാമ പഞ്ചായത്തിന്റെ തനത് വരുമാനത്തിൽ വാടകയിനത്തിൽ നഷ്ടം സംഭവിക്കുന്നുണ്ട്. ഇതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/28.10.17) മറുപടി നൽകിയില്ല. മൂന്ന വർഷത്തിന മേൽ കടമുറി ഒഴിഞ്ഞു കിടന്നിട്ടും അത് പുനർലേലം നടത്താതിരുന്നത് ബന്ധപ്പെട്ടവരുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ ഈയിനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായ വരുമാനനഷ്ടം കണക്കാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 കമ്മ്യൂണിറ്റി ഹാൾ - കുറഞ്ഞ വാടക ഈടാക്കുന്നു

പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക വളരെ കുറഞ്ഞ നിരക്കാണ് ഈടാക്കിവരുന്നത്. 2016-17 വർഷം ഹാൾ വാടകയായി 18000/-രൂപ യാണ് ലഭിച്ചിട്ടുള്ളത്. വളരെ കുറഞ്ഞ ദിവസം മാത്രമാണ് പൊതുജനങ്ങൾ വിവിധാവശ്യങ്ങൾക്ക് വാടക നൽകി ഹാൾ ഉപയോഗിച്ചിട്ടുള്ളത്. സ്വകാര്യ വ്യക്തികളിൽ നിന്ന് ആയിരത്തിഅഞ്ഞൂറു രൂപ നിരക്കിലാണ് വാടക ഈടാക്കുന്നത്. ശുചീകരണ ചാർജ്ജ് ഈടാക്കുന്നില്ല. കമ്മ്യൂണിറ്റി ഹാളിന്റെ ഉപയോഗനിബന്ധനകൾ, വാടക, മറ്റ് ചാർജ്ജുകൾ മുതലായവയെ സംബന്ധിക്കുന്ന നിയമാവലി തയ്യാറാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. ഇതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 16. തീയതി. 1.11.2017 ന് മറുപടി ലഭ്യമാക്കിയില്ല. ബൈലാ തയ്യാറാക്കി വിവിധ ചടങ്ങുകളുടെ സംയോജകരെ ആകർഷിക്കാൻ കഴിയും വിധം അധികബാദ്ധ്യത വരാതെ കമ്മ്യൂണിറ്റി ഹാൾ പരിഷ്കരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## 2-5 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 10 റേഷൻ ഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നും തന്നെ ലൈസൻസ് എടുക്കുന്നില്ല. ടി റേഷൻ കടങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ഇ-ടെന്റർ-വഴി ലഭിക്കുന്ന ടെണ്ടർഫീസ് പഞ്ചായത്തിൽ തിരികെ ലഭിച്ചില്ല - വരവ് നഷ്ടം.130210 രൂപ.

2016-17സാമ്പത്തിക വർഷം e-tender ചെയ്ത 35 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 130210 രൂപ ആലപ്പുഴ ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൌണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക നാളിതുവരെ പഞ്ചായത്തിന് തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ടോട്ടൽ സാനിട്ടേഷനായി രണ്ട് അക്കൗണ്ടുകൾ

ഗ്രാമപഞ്ചായത്തിൽ ടോട്ടൽ സാനിട്ടേഷന് ലഭിക്കുന്ന തുക സൂക്ഷിക്കുന്നതിനായി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് നൂറനാട് ശാഖയിലും (അക്കൗണ്ട് നം 62) എസ്.ബി.റ്റി. നൂറനാട് ശാഖയിലുമായി (അക്കൗണ്ട് നം. 57054434411) ഒരേ സമയം 2 അക്കൗണ്ടുകൾ ഉപയോഗിക്കുന്നു. ജില്ലാ സഹകരണ ബാങ്ക് അക്കൗണ്ടിൽ 2006 ന് ശേഷം യാതൊരു ഇടപാടും നടത്തിയിട്ടില്ല. ഈ അക്കൗണ്ടിൽ 81018രൂപ നീക്കിയിരുപ്പുണ്ട്. ജില്ലാ സഹകരണ ബാങ്കിലെ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് ഈ തുക എസ്.ബി.റ്റി. അക്കൗണ്ടിലേക്ക് മാറ്റിയിടുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരക്കേണ്ടതാണ്.

## 2-8 ദുരിതാശ്വാസനിധി - പ്രവർത്തനരഹിതം

ഗ്രാമപഞ്ചായത്തിലെ സാമ്പത്തികമായും ആരോഗ്യപരമായും ദുർബലരായവരെ അടിയന്തിര ഘട്ടങ്ങളിൽ സഹായിക്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ അടിസ്ഥാന ചുമതലയാണ്. അടിയന്തിര ഘട്ടങ്ങളിൽ ദുർബല ജനവിഭാഗങ്ങൾക്ക് സഹായം എത്തിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തിലേയും പ്രസിഡന്റിന്റെ പേരിൽ ഒരു ദുരിതാശ്വാസ നിധി രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് സർക്കാർ നിർദ്ദേശവുമുണ്ട്.

പാലമേൽ ഗ്രാമപഞ്ചായത്തിൽ 11.7.16-ൽ പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസനിധി ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് നൂറനാട് ശാഖയിൽ ആരംഭിച്ച സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ 30.3.09 മുതൽ 1818 രൂപ മാത്രമാണ് നീക്കിയിരുപ്പുള്ളത്. 2007-08 വരെ ദുരിതാശ്വാസനിധി നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നെങ്കിലും പിന്നീട് ഈ അക്കൗണ്ടിലേക്ക് യാതൊരു തുകയും വരവുണ്ടായില്ല.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ധാരാളം ജനങ്ങൾ അധിവസിക്കുന്ന ഈ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് അടിയന്തിര സാഹതര്യങ്ങളിൽ യാതൊരുവിധ സഹായവും ചെയ്യാൻ സാധിക്കുന്നില്ലത് തികച്ചും നിരാശജനകമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാർഗരേഖ ലംഘിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചു

പദ്ധതി മാർഗരേഖക്ക് വിരുദ്ധമായി ധനകാര്യ ഗ്രാന്റ് 20.87 ലക്ഷം ചെലവഴിച്ചു.

ജി.ഒ(എം.എസ്)4/2016തസ്വഭവ 11.1.16-പന്ത്രണ്ടാം പദ്ധതി പുതുക്കിയ മാർഗരേഖ-ഖണ്ഡിക 12.6അനുസരിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനാണ് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിക്കേണ്ടത്. ഇതിന് വിരുദ്ധമായി താഴെ പറയുന്ന പദ്ധതികൾക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് 2016-17ൽ സെക്രട്ടറി വകമാറ്റി ചെലവഴിച്ചു.

| പ്രോജക്റ്റ് നം | പേര് | ചെലവഴിച്ച തുക |
|---|---|---|
| 6/17 | ഇ എം എസ് ഭവന പദ്ധതി വായ്പ തിരിച്ചടവ് | 1887300<br>ബിൽ.576/16-17,29.11.16 |
| 84/17 | ജില്ലാആസൂത്രണ സമിതി കെട്ടിട നിർമാണ ഫണ്ടിലേക്ക് സംഭാവന(നാലാം തവണ) | 200000<br>ബിൽ.584/16-17,30.11.16 |
| ആകെ | | 2087300 |

മാർഗ്ഗരേഖ ലംഘിച്ച് ധനകാര്യകമ്മീഷൻ ഗ്രാന്റ് ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. 84/17പ്രോജക്റ്റിന്റെ വിനിയോഗ സാക്ഷ്യപത്രവും ലഭിച്ചിട്ടില്ല. ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. ആകെ ചെലവ് 2087300രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സ്ഥലം പഞ്ചായത്തിനു കൈമാറാതെ റോഡ്നിർമ്മാണം

പ്രോജക്ട് നം.137/17 ആദിക്കാട്ട്കുളങ്ങര 76-ാം നമ്പർ അംഗൻവാടി റോഡ് IIറീച്ച് പുനരുദ്ധാരണം എന്ന് പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം നിലവിലുള്ള റോഡിന്റെ 11.6മീറ്റർ, ശരാശരി 2.75 വീതിയുള്ള അവസാന ഭാഗം പുനരുദ്ധരിക്കപ്പെടാത്ത അവസ്ഥയിലാണ് എന്നും, സമീപവാസികൾ സ്ഥലം വിട്ടുതരുവാൻ സന്നദ്ധരാണ്എന്നും ഈ ഭാഗത്ത് നിൽക്കുന്ന മഹാഗണി, അക്കേഷ്യമരങ്ങൾ വെട്ടുന്നതിന് സമ്മതിച്ചിട്ടുണ്ട് എന്നും ഇത്രയും ഭാഗം കോൺക്രീറ്റ് ചെയ്യുന്നതിനാണ് പ്രോജക്ടാണ് തയ്യാറാക്കുന്നത് എന്നും സൂചിപ്പിക്കുന്നു. പ്രോജക്ട് നടപ്പിലാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സമീപവാസികൾ സ്ഥലം വിട്ടുനൽകുമെന്ന് പറഞ്ഞെങ്കിലും ഭൂമി റിലിംഗ്വിഷ് ചെയ്ത് വാങ്ങുകയോ പഞ്ചായത്തിന്റെ പേരിൽ ചേർക്കുകയോ ചെയ്തില്ല. ഭൂമി പഞ്ചായത്തിനു വിട്ടുകിട്ടാതെ റോഡ് നിർമ്മാണം നടപ്പിലാക്കി.

2. ഭൂമിആദ്യം റലിംഗ്വിഷ് ചെയ്തു വാങ്ങിയശേഷം അതിലുള്ള മരങ്ങൾക്ക് വാല്യുവേഷൻ നിശ്ചയിച്ച് നിയമാനുസൃതം ലേലം ചെയ്ത് പഞ്ചായത്തിനു മുതൽക്കൂട്ടേണ്ടതായിരുന്നു എങ്കിലും അപ്രകാരം ചെയ്യാതെ മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള ചെലവ് 6243രൂപ പദ്ധതിവിഹിതത്തിൽ നിന്ന് വഹിച്ചു.

3. പ്രോജക്ട് അംഗീകാരത്തിനായി നിലവിലുള്ള ആസ്തിയുടെ നമ്പർ 13എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആസ്തി രജിസ്റ്റർ പ്രകാരം ഇപ്രകാരം ഒരു ആസ്തി ഇല്ല.

   മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്കുള്ള മറുപടിയിൽ ഈ റോഡിന്റെ അവസാനഭാഗം ഒരു ചാലുപോലുള്ള ഭാഗമായിരുന്നു എന്നും അംഗൻവാടിക്കു സമീപമുള്ള തോടിന് അക്കരയുള്ള കുട്ടികൾക്ക് അംഗൻവാടിയിലെത്താൻ ബുദ്ധിമുട്ടാണ് എന്നും ഇത് ഒഴിവാക്കുന്നതിനാണ് പ്രസ്തുത ഭാഗം കോൺക്രീറ്റ് ചെയ്തത് എന്നും വസ്തു വിട്ടുതരുന്നതു മൂലമുള്ള നഷ്ടവും മരം മുറിക്കുന്നതിനുള്ള നഷ്ടവും ഒരുമിച്ച് വഹിക്കുവാൻ വസ്തുഉടമ തയ്യാറല്ലാത്തതുകൊണ്ടാണ് മരം മുറിക്കുന്നതിനുള്ള ചെലവ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് വഹിച്ചത് എന്നും, പഞ്ചായത്ത് കമ്മറ്റി അംഗീകാരത്തോടെ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതാണ് എന്നും അറിയിച്ചു.

1-11-2017ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ആദിക്കാട്ട്കുളങ്ങര 76-ാം നമ്പർ അംഗന വാടിയിലേക്കുള്ള റോഡിന്റെ അവസാന ഭാഗം 12മീറ്റർ നീളവും 2.7.മീറ്റർ വീതിയുമുള്ള ഒരു കോൺക്രീറ്റ് റോഡ് നിർമ്മിച്ചിട്ടുള്ളതായും ഇത് ഒരുകൈത്തോടിൽ അവസാനിക്കുന്നതായും കാണുന്നു. തോടിന് അക്കരെയുള്ള കുട്ടികൾക്ക് അംഗൻവാടിയിലെത്തുന്നതിനുള്ള സൗകര്യാർത്ഥമാണ് റോഡ് നിർമ്മിച്ചത് എന്ന് മറുപടിയിൽ പറഞ്ഞിട്ടുണ്ടെങ്കിലും റോഡ്നിർമ്മാണം തോടിനരികെ അവസാനിക്കുന്നതിനാൽ പ്രസ്തുത ലക്ഷ്യം കൈവരിച്ചു എന്ന് പറയാൻ ആവില്ല. സ്വകാര്യ വ്യക്തിയുടെ സ്ഥലം നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ പഞ്ചായത്തിന്റെ പേരിൽകൂട്ടാതെ റോഡ് നിർമ്മാണം നടത്തിയത് ക്രമപ്രകാരമല്ല. പഞ്ചായത്തിന്റെ ആസ്തിയല്ലാത്ത ഒരു റോഡിനു വേണ്ടി ചെലവു വന്ന തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. നിയമാനുസൃത നടപടികളിലൂടെ വസ്തു പഞ്ചായത്തിന്റെ പേരിലാക്കി ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

ചെലവു തുക.124713 രൂപ

ബിൽ നം. 54/16-17 തീയതി,23-7-2017

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ-ശ്രീ.കെ.എം.രവി.

## 3-3 അംഗനവാടിക്ക് ഗ്യാസ് സ്റ്റൌ, കുടിവെള്ള ജാർ വാങ്ങൽ - കുറഞ്ഞ ക്വട്ടേഷൻ അംഗീകരിച്ചില്ല - അധിക ചെലവ്

പ്രോജക്ട് നമ്പർ - S0010/17

അടങ്കൽ - 24500

ചെലവ് - ബിൽ നം - 13-16/17 തീയതി, 31.3.17

നിർവ്വഹണം - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

അംഗനവാടിക്ക് ഗ്യാസ് സ്റ്റൌ, കുടിവെള്ള ജാർ വാങ്ങൽ എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി 30 കുടിവെള്ള ജാറുകളും

4 ഗ്യാസ് സ്റ്റൌവും അനിൽകുമാർ, ശലഭം, പാലമേൽ എന്നായാളിൽ നിന്ന് വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ ഫയൽ പരിശോധിച്ചതിൽ കുറഞ്ഞ ക്വട്ടേഷൻ സമർപ്പിച്ച റോയൽ എന്റർപ്രൈസസ്സിന്റെ ക്വട്ടേഷൻ അംഗീകരിക്കാതെ കൂടിയ നിരക്ക് ക്വാട്ട് ചെയ്ത അനിൽകുമാർ, ശലഭം, പാലമേൽ എന്നയാളുടെ ക്വട്ടേഷനാണ് അംഗീകരിച്ചത്. ഇപ്രകാരം കൂടിയ നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ചത് വഴി 2254 രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. കുടിവെള്ള ജാറിനുള്ള ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ സ്പെസിഫിക്കേഷൻ രേഖപ്പെടുത്താതെ (എത്ര ലിറ്ററിന്റെ ജാർ) ക്വട്ടഷൻ ക്ഷണിച്ചത്.

അപാകത സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം - 15 തീയതി,31.10.17 നൽകിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. ഈയിനത്തിൽ അധികചെലവുണ്ടായ 2254 രൂപ ക്വട്ടേഷൻ അംഗീകരിച്ച 10.2.17 ലെ കമ്മറ്റിയിൽ പങ്കെടുത്ത ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരിൽ നിന്ന് തുല്യമായി ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാങ്ങിയ സാധനങ്ങളുടെ വിശദാംശം | റോയൽ എന്റർപ്രൈസസ് ലഭ്യമാക്കിയ നിരക്ക് | അനിൽകുമാർ, ശലഭം, പാലമേൽ ലഭ്യമാക്കിയ നിരക്ക് | ചെലവായത് | കുറഞ്ഞ നിരക്ക് അംഗീകരിച്ചിരുന്നെങ്കിൽ ചെലവാകുന്നത് | അധികം ചെലവഴിച്ചത് |
|---|---|---|---|---|---|
| കുടിവെള്ള ജാർ | വലുത്-490<br>ചെറുത്-390 | 525 | 30x525<br>=15750 | 14700<br>(30x490) | 1050 |
| ഗ്യാസ് സ്റ്റൌ | ISI Bajaj-<br>1699<br>ഗ്ലാസ് ടോപ്പ്<br>-2990 | 2000 | 8000<br>(4x2000) | 6796<br>(4x1699) | 1204 |
| | ആകെ | | | | 2254 |

## 3-4 കോളനികളിൽ കുടിവെള്ളമെത്തിയില്ല; 28.24 ലക്ഷത്തിന്റെ പദ്ധതികൾ നിക്ഷേപമായി തുടരുന്നു

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കോളനികളിൽ കുടിവെള്ളം എത്തിക്കുന്നതിന് ആവിഷ്കരിച്ച 28.24ലക്ഷത്തിന്റെ പദ്ധതികൾ ഭൂജല വകുപ്പിൽ നിക്ഷേപമായി തുടരുന്നു. 2016-17ലും മുൻവർഷങ്ങളിലും കുഴൽ കിണർ കുഴിക്കുന്നതിനും, നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപണിക്കും പ്രത്യേക ഘടക പദ്ധതി(എസ്.സി.പി) ഫണ്ടിൽ നിന്നും നിക്ഷേപിച്ചതാണ് തുക. 3 പദ്ധതികൾ തയാറാക്കി 2016-17ൽ എസ് സി പി ഫണ്ട് 15.74ലക്ഷം ഭൂജല വകുപ്പ് ജില്ലാ ഓഫീസിൽ നിക്ഷേപിച്ചതായി കാണുന്നു. വിശദാംശം താഴെ.

| പ്രോജക്റ്റ് നം | പേര് | നിക്ഷേപിച്ച തുക |
|---|---|---|
| 11/17 | പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികൾ. | 1258878<br>ബിൽ .139/16-17, 29.03.17 |
| 102/17 | പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റ പണി. | 115000<br>ബിൽ.786/16-17,15.2.17 |
| 142/17 | കൊച്ചുപാലവിള എസ്.സി കോളനി ബോർവെൽ സ്ഥാപിക്കൽ. | 200000<br>ബിൽ.724/16-17,31.1.17 |
| ആകെ | | 1573878 |

മുൻ വർഷങ്ങളിൽ സമാനപദ്ധതികൾക്ക് നിക്ഷേപിച്ച എസ്.സി ഫണ്ട് 12.51ലക്ഷം(വിശദാംശം താഴെ) നിക്ഷേപമായി ഭൂജല വകുപ്പിൽ കിടക്കുമ്പോഴാണ് വീണ്ടും 2016-17ൽ 15.74ലക്ഷം വീണ്ടും ഗ്രാമപഞ്ചായത്ത് നിക്ഷേപിച്ചത്. ഇതോടെ എസ്.സി കോളനികളിലെ ജനങ്ങൾക്ക് അടിയന്തരപ്രയോജനം ലഭിക്കേണ്ട28.24ലക്ഷം രൂപയുടെ പദ്ധതികളാണ് നിക്ഷേപമായി തുടരുന്നത്.

| നിക്ഷേപ തീയതി | പദ്ധതിയുടെ പേര് | നിക്ഷേപ തുക |
|---|---|---|
| 30.10.14 | പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി. | 200000 |
| 31.3.16 | പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതി. | 741123 |
| 31.3.16 | പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതി അറ്റകുറ്റ പണി. | 309141 |
| ആകെ | | 1250264 |

(ഇതിൽ പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതി മാത്രമാണ് ബഹുവർഷ പദ്ധതി. മൂന്ന് വർഷം കൊണ്ട് പൂർത്തിയാകേണ്ട ബഹുവർഷ പദ്ധതിയിലും വാർഷികമായ നിർവഹണ പുരോഗതി വിവരിക്കുന്ന രേഖകൾ ലഭ്യമല്ല.)

കുടിവെള്ളം പോലെ അടിയന്തര പ്രാധാന്യമുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാത്തതിനും ഗ്രാമപഞ്ചായത്തിന്റെ എസ്.സി ഫണ്ട് 28.24ലക്ഷം വർഷങ്ങളായി ഭൂജല വകുപ്പിൽ നിക്ഷേപമായി നിലനിൽക്കുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

മുൻ വർഷത്തെ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2016-17 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ വിവരിക്കുന്ന രേഖകൾ ലഭ്യമല്ല.

മറ്റ് അപാകങ്ങൾ-

1. 2016-17ൽ 15.74ലക്ഷം എസ്.സി ഫണ്ട് ചെലവഴിച്ചതിന് പട്ടികജാതി വികസന വകുപ്പിൽ നിന്നുള്ള ഫീസിബിലിറ്റി സാക്ഷ്യപത്രമില്ല.
2. ജലലഭ്യത ഉറപ്പാക്കിയല്ല ഗ്രാമപഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കുന്നത്.ജലസർവേക്കുള്ള ഫീസുകൂടി ഉൾപ്പെട്ടതാണ് ഭൂജല വകുപ്പിന്റെ എസ്റ്റിമേറ്റ്. മുൻ വർഷങ്ങളിൽ നടപ്പാക്കിയ കാവുംപാട്ട് കോളനിയിലെ കുടിവെള്ള പദ്ധതിയിൽ വെള്ളം കിട്ടുന്നില്ലെന്ന് വാർഡ് മെമ്പറുടെ പരാതി മിനിറ്റ്സിലുണ്ട്. സർവേ നടത്തി ജലലഭ്യത ഉറപ്പാക്കാതെ ഫണ്ട് നിക്ഷേപിക്കുന്നതിനാൽ എസ് സി പി ഫണ്ട് ചെലവഴിക്കുന്നതിനുള്ള എളുപ്പമാർഗമായി പദ്ധതികൾ മാറുന്നു. ഇതിനാൽ പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന പ്രയോജനം കോളനിവാസികൾക്ക് ലഭിക്കാതെ പോകുന്നു. ജലലഭ്യത ഉറപ്പാക്കാതെ ലക്ഷങ്ങൾ നിക്ഷേപിച്ചത് വിശദീകരിക്കേണ്ടതാണ്.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പദ്ധതികൾ എത്രയും വേഗത്തിൽ പൂർത്തിയാക്കേണ്ടതാണ്. വിനിയോഗ രേഖയില്ലാത്തതിനാൽ 2016-17ലെ ചെലവ് 1573878രൂപ തടസപ്പെടുത്തുന്നു.

## 3-5 ഉപയോഗിച്ച തടി ഏതെന്ന് തെളിവില്ല; കോൺഫറൻസ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങിയതിൽ അപാകങ്ങളും അധികച്ചെലവും

പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് വാങ്ങിയ മര ഫർണീച്ചറിന് ഉപയോഗിച്ച തടി ഏതെന്ന് തെളിവില്ല.

തടിയുടെ ഇനവും തരവും ഗുണമേന്മയും നിർണ്ണയിക്കാതെയും മൂല്യനിർണ്ണയം നടത്താതെയും കരാറുകാരന്റെ ബില്ല് തീർപ്പാക്കിയതിനാൽ പഞ്ചായത്ത് ഫണ്ടിന് അധികച്ചെലവും സംഭവിച്ചു. അധികച്ചെലവ് നിർണ്ണയിക്കാൻ വിദഗ്ധാന്വേഷണം ഗ്രാമപഞ്ചായത്ത് നടത്തേണ്ടതാണ്.

പഞ്ചായത്ത് കോൺഫറൻസ് ഹാളിലേക്ക് ഫർണീച്ചർ വാങ്ങിയതിന് സെക്രട്ടറി 491900രൂപ (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) യാണ് ചെലവഴിച്ചത് (പ്രോജക്ട് 97/17). ചെലവിന്റെ വിശദാംശം - ബിൽ നം.182/16-17, 30.03.2017

ചെലവിലെ അപാകങ്ങൾ

1. ഫർണീച്ചർ സപ്ലൈ ചെയ്യുന്നതിന് സുതാര്യമല്ലാത്ത ടെണ്ടർ നടപടിയിലൂടെ തെരഞ്ഞെടുത്ത ആകർഷ് കുമാർ (ജയഭവനം, പണയിൽ) പൊതുമരാമത്ത് കരാറുകാരനാണ്. തടി ഉൽപ്പന്നങ്ങളുടെ നിർമ്മാതാവോ വിതരണക്കാരനോ ആണോ കരാറുകാരൻ എന്നതിന് തെളിവില്ല. 4.92ലക്ഷം രൂപയുടെ വാങ്ങലായിട്ടും കരാറുകാരൻ ക്യാഷ്ബിൽ ഹാജരാക്കിയില്ല.
2. പദ്ധതിയുടെ അടങ്കൽ 499000രൂപ നിർണ്ണയിച്ചത് വ്യക്തമാക്കുന്ന രേഖകൾ ഇല്ല. അടങ്കൽ, പദ്ധതിയുടെ എസ്റ്റിമേറ്റ്, സ്പെസിഫിക്കേഷൻ എന്നിവ വ്യക്തമാക്കുന്ന രേഖകൾ ഇല്ല.
3. സെക്രട്ടറി പ്രസിദ്ധീകരിച്ച C1-1210/08, 30.09.2016 ടെണ്ടർ നോട്ടീസിൽ Hard Wood എന്ന് മാത്രമാണ് വ്യക്തമാക്കിയത്. 8 പേർ ടെണ്ടർ സമർപ്പിച്ചിരുന്നെങ്കിലും ആരും ടെണ്ടർ നോട്ടീസിൽ ആവശ്യപ്പെട്ട 8 ഇനങ്ങൾക്കും നിരക്ക് ക്വാട്ട് ചെയ്തില്ല. അതിനാൽ കിട്ടിയ എല്ലാ ടെണ്ടറുകളും അപൂർണ്ണമായിരുന്നെന്ന് വ്യക്തമാകുന്നു. അപൂർണ്ണമായ ടെണ്ടറുകൾ നിരസിച്ച് റീ ടെണ്ടറിന് പോകാഞ്ഞത് വാങ്ങൽ നടപടികളുടെ ലംഘനവും കരാറുകാരനു സഹായകരവുമാണ്. അപൂർണ്ണ ടെണ്ടറിൽ നിന്ന് ആകർഷിന്റെ ടെണ്ടർ അംഗീകരിക്കാൻ പഞ്ചായത്ത് കമ്മിറ്റി മിനിട്ട്സിൽ വ്യക്തമാക്കിയ കാരണങ്ങൾ വസ്തുതാപരമല്ല.
4. അപൂർണ്ണ ടെണ്ടറുകളിൽ നിന്ന് ആകർഷിന്റെ ടെണ്ടർ അംഗീകരിച്ചതിലൂടെ പഞ്ചായത്ത് ഫണ്ടിന് അധിക ചെലവ് ഉണ്ടായതായും കാണുന്നു (ലഭിച്ച ടെണ്ടറുകളിൽ ചിലത് അംഗീകരിച്ച ടെണ്ടറിനേക്കാൾ വിലക്കുറവിൽ ഫർണീഷിംഗ് നടത്താമായിരുന്നു എന്ന സാധ്യത വ്യക്തമാക്കുന്നുണ്ട്). ആയതിന് വിശദീകരണം ക്ഷണിക്കുന്നു.
5. പദ്ധതിയിൽ വാങ്ങിയ മരസാധനങ്ങളുടെ മൂല്യനിർണ്ണയം നടത്തിയിട്ടില്ല. ഉപയോഗിച്ച തടി ഏതെന്ന് വ്യക്തമാക്കുന്ന വനംവകുപ്പിന്റെ സാക്ഷ്യപത്രമില്ല. മൂല്യനിർണ്ണയം നടത്താതെയും ഉപയോഗിച്ച തടി ഏതെന്ന് വ്യക്തമാക്കുന്ന വനംവകുപ്പിന്റെ സാക്ഷ്യപത്രമില്ലാതെയും കരാറുകാരന്റെ ബില്ല് തീർപ്പാക്കിയത് ഗുരുതര അപാകമാണ്.
6. കോൺഫറൻസ് ഹാളിൽ നേരത്തെ ഉണ്ടായിരുന്ന ഫർണീച്ചറും മറ്റ് മരസാധനങ്ങളും എന്ത് ചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല. വില നിർണ്ണയിച്ച് ലേലം ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയില്ല.

7. കരാർ വേലയായിട്ടും കരാറുകാരനിൽ നിന്ന് ആദായനികുതി പിടിച്ചില്ല. ബിൽ തുകയുടെ 1%=4919രൂപ ആദായനികുതി ഈടാക്കണം.

മേൽ അപാകങ്ങളുടെ അടിസ്ഥാനത്തിൽ ആകെ ചെലവ് 491900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപയോഗിച്ച തടിയുടെ ഇനം, തരം, ഗുണമേന്മ, മൂല്യനിർണ്ണയം എന്നിവ ക്ഷമതയുള്ള സർക്കാർ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്.

## 3-6 സേവന നികുതി - ഒടുക്കുവരുത്തിയിട്ടില്ല. സംസ്ഥാന സർക്കാരിന് നഷ്ടം

സി.ബി.ഇ.സി യുടെ 20-6-2012ലെ 30/2012 സേവനനികുതി നോട്ടിഫിക്കേഷൻ പ്രകാരം സേവനനികുതി സേവന ദാതാവും സ്വീകർത്താവും തുല്യമായി ഒടുക്കേണ്ടതാണ്. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനനികുതിയുടെ പകുതി പഞ്ചായത്ത് വഹിച്ചാൽ മതിയാകും. എന്നാൽ പാലമേൽ ഗ്രാമ പഞ്ചായത്ത് 2016-17 വർഷം നടപ്പിലാക്കിയ മരാമത്തുവർക്കുകളിൽ എസ്റ്റിമേറ്റിൽ സേവനനികുതി ഉൾപ്പെടുത്തിയിരുന്നു എങ്കിലും ഒടുക്കുവരുത്തിയിട്ടില്ല. ഒറിജിനൽ വർക്കുകളുടെ മൂല്യത്തിന്റെ 3% വീതവും മെയിന്റനൻസ് വർക്കുകളുടെ മൂല്യത്തിന്റെ 5.25% വീതവും പഞ്ചായത്തും കരാറുകാരനും ഒടുക്കണം.

| ക്രമ നം. | പ്രോജക്ടിന്റെ പേര്. | ചെലവു തുക | വർക്കിന്റെ മൂല്യം ST നിരക്ക്. | ഒടുക്കിയത് | ഒടുക്കാനുള്ളത്. |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ ഉഴവുകാട് പഴയബ്ലോക്കിന്റെ അറ്റകുറ്റപ്പണിയും ചുറ്റുമതിൽ നിർമ്മാണവും.<br>പ്രോജക്ട്നം.3/2017 | 408035<br>ബിൽ നം.50/16-17<br>തീയതി,30-3-2017 | 408035<br>10.5%<br>=42844 | Nil | 42844 |
| 2 | പ്രൈമറി ഹെൽത്ത് സെന്റർ ഒ.പി.കെട്ടിടം നവീകരണവും രോഗികൾക്ക് കാത്തിരുപ്പ് മുറിയും നിർമ്മാണവും.<br>പ്രോജക്ട്നം.5/17 | 569542<br>49/16-17<br>തീയതി,31-3-2017 | 569542@<br>10.5%<br>=59802 | Nil | 59802 |
| 3 | പ്രോജക്ട്.നം.30/17<br>പണയിൽ ആയുർവേദ ഡിസ്പൻസറി റൂഫ് നിർമ്മാണം. | 198090<br>ബിൽ നം.25.3.2017 | 198090<br>10.5%<br>=20799 | Nil | 20799 |
| 4 | പ്രോജക്ട്.നം.55/17പഞ്ചായത്ത് ഓഫീസ് കെട്ടിടനവീകരണം.<br>കരാറുകാരൻ.<br>ശ്രീ.ആകർഷ് കുമാർ.<br>എം.ബുക്ക്.നം.57/16-17 | 300000+<br>262200 | 562220<br>10.5%<br>57628 | Nil | 57628 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| 5 | അംഗൻവാടിനം.84 പെയിന്റിംഗ് & ഫിനിഷിംഗ് പ്രവർത്തികൾ കോമ്പൗണ്ട് വാൾ നവീകരണം. | 257919<br>ബിൽ നം.81/16-17<br>തീയതി,26-3-2016 | 257919<br>@10.5%<br>=27081 | nil | 27081 |
| 6 | പ്രോ.നം.95/17എൽ.പി.സ്കൂളിൽ സ്മാർട്ട് ക്ലാസ്സ് റൂം.<br>m.book.no.16,17/16-17<br>കരാറുകാരൻ.<br>ശ്രീ.ആകർഷ് കുമാർ. | 417071 | 417071<br>10.5%<br>=43792 | Nil | 43792 |
| 7 | പ്രോ.നം.117/17<br>ജയകേരള കലാസമതി കെട്ടിടത്തിന്റെ സൈഡ്സംരക്ഷണം. കെട്ടിട അറ്റകുറ്റപ്പണി.<br>എം. ബുക്ക് 28/16-17<br>കൺവീനർ.ശ്രീ.അജയഘോഷ്. | 41857<br>ബിൽ നം.35/16-17 തീയതി,24-3-2017 | 41857<br>10.<br>10.5%=<br>4395 | Nil | 4395 |
| 8 | പുലിക്കുന്ന് സുബ്രഹ്മമണ്യക്ഷേത്രത്തിന് ചുറ്റുമതിൽ നിർമ്മാണം.<br>പ്രോജക്ട്നം.71/17<br>കൺവീനർ .ശ്രീ.സത്യൻ. | | 497686<br>6%<br>=29861 | - | 29861 |
| 9 | പ്രോജക്ട്.നം.129/17<br>പണയിൽ സാംസ്കാരികനിലയം അലൂമിനിയം പാനലിംഗ്.<br>കരാറുകാരൻ.<br>ശ്രീ.ആകർഷ് കുമാർ. | 429112<br>ബിൽ നം.51/16-17 തീയതി,30-3-2017 | 429112<br>10.5%<br>43984. | - | 43984 |
| 10 | ഗ്രാമപഞ്ചായത്ത്കൗൺസിൽഹാൾ നവീകരണം. | 319420<br>ബിൽ നം.85/16-17 | 407658@<br>10.5% | - | 42804 |

| | | | | | |
|---|---|---|---|---|---|
| | | തീയതി,23-3-2016<br>88238<br>62/16-17<br>തീയതി,30-3-2017 | 42804 | | |
| 11 | കമ്യൂണിറ്റിഹാൾ പുനരുദ്ധാരണം<br>പ്രോജ.നം.123/16-17 | 714247<br>ബിൽ നം.48/16-17 തീയതി,31-3-17 | 714247<br>@10.5%<br>=74996 | - | 74996 |
| 12 | പഞ്ചായത്ത് മെമ്പർമാരുടെ പൊതുജന സമ്പർക്കമുറി.<br>124/16-17 | 439060<br>59/16-17<br>തീയതി,31-3-2017 | 439060@<br>6%<br>=26344 | - | 26344 |
| 13 | കുടുംബശ്രീ കൗൺസിൽ മുറിയും അനുബന്ധഹാൾ<br>pro.no.125/17 | 140635<br>46/16-17<br>തീയതി,31-3-2017 | 140635@6%=8438 | | 8438 |
| 14 | പണയിൽ സാംസ്കാരിക നിലയം അലൂമിന്യം കോമ്പോസിറ്റ് പാനലിംഗ്.<br>pro.no129/17 | 429112<br>51/16-17<br>തീയതി,31-3-2017 | 429112<br>@6%<br>25747 | | 25747 |
| 15 | മെയിന്റനൻസ് ഓഫ് WLPS പയ്യനല്ലൂർ | 101733<br>34/16-17<br>തീയതി,28-3-17 | 101733<br>10.5%<br>=10682 | | 10682 |
| 16 | മെയിന്റനൻസ് ഓഫ് കുടശ്ശനാട് G.LPS. | 118214<br>47/16-17<br>തീയതി,31-3-2017 | 118214@<br>10.5%<br>=12412 | | 12412 |
| | ആകെ | | | | 531609 |

എസ്റ്റിമേറ്റിൽ മുഴുവൻതുകയും ഉൾപ്പെടുത്തിയിട്ടുണ്ട് എങ്കിലുംസേവന നികുതി ഒടുക്ക വരുത്താത്തതിനാൽ സംസ്ഥാന സർക്കാരിന് 531609രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പ്രവർത്തികളിലും, പേയ്മെന്റ് നൽകാൻ

അവശേഷിക്കുന്ന പ്രവർത്തികളിലും സേവനദാതാവും സേവനസ്വീകർത്താവും തുല്യമായി സേവനനികുതി ഒടുക്കു വരുത്തേണ്ടതാണ്. പകുതി തുക കരാറുകാരിൽ നിന്നും ഈടാക്കുകയും അത്രയും തുക പഞ്ചായത്ത് വഹിക്കുകയും ചെയ്യണം.

## 3-7 ഹോമിയോ മരുന്ന് ലഭിച്ചില്ല

പ്രോജക്റ്റ് 22/17ൽ റോഡിതര സംരക്ഷണ ഗ്രാന്റ് 50000രൂപ(ബിൽ 142/16-17,29.3.17) ഹോമിയോ ആസ്പത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് സെക്രട്ടറി ആലപ്പുഴ ഹോംകോയിൽ നിക്ഷേപിച്ചു. മരുന്ന് ലഭിച്ചതായി കാണുന്നില്ല.

ഓഡിറ്റ് അന്വേഷണത്തിന് മരുന്ന് കിട്ടിയിട്ടില്ലെന്ന് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്.

മരുന്ന് ഹോംകോയിൽ നിന്ന് ലഭിക്കുവാൻ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് 50000രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. മരുന്ന് ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 3-8 പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നുവാങ്ങൽ- മരുന്നുപൂർണ്ണമായും ലഭിച്ചില്ല

പ്രോജക്ട് നം. 44/17. 200000/-രൂ, ബിൽ നം2/16-17 തീയതി. 27.01.17

പ്രോജക്ട് നം. 4/17. 100000/-രൂ, ബിൽ നം3/16-17 തീയതി. 27.01.17

പ്രോജക്ട് നം. 4/17. 150000/-രൂ, ബിൽ നം5/16-17 തീയതി. 27.01.17

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നിർവ്വഹണം നടത്തിയ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി മേൽ ബില്ലുകൾ പ്രകാരം 450000/-രൂപ പിൻവലിച്ച് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ പാലിയേറ്റീവ് പദ്ധതിയ്ക്കായി പ്രോജക്ട് നം. 4/17, ബിൽ നം.3, 5 പ്രകാരം പിൻവലിച്ച 250000/-രൂപയിൽ 89569/-രൂപയുടേയും ബിൽ നം.2 പ്രകാരം ആശുപത്രി മരുന്നുകൾക്കായി പിൻവലിച്ച 200000/-രൂപയിൽ 194796 രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി തുകക്കുള്ള (165635/-രൂപയുടെ) മരുന്നുകൾ ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം.6 തീയതി, 28.10.2017-ന് മരുന്നുകൾ ഉടൻ ലഭ്യമാക്കുന്നതാണെന്ന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും അറിയിപ്പ് ലഭിച്ചതായുള്ള മറുപടി നൽകി. തുക നൽകി പത്ത് മാസങ്ങൾക്കുശേഷവും മരുന്ന് ലഭിക്കാത്ത സാഹചര്യത്തിൽ ശേഷിക്കുന്ന 165635/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 എസ്സ്.എസ്സ്.എ.ഫണ്ട് വിനിയോഗം. വിശദമായ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു.(പ്രോജക്ട്നം.28/17)

പ്രസ്തുത പ്രോജക്ടിനായി 1792161 രൂപയുടെ പ്രോജക്ട് തയ്യാറാക്കിയിരുന്നതിൽ പഞ്ചായത്ത് വിഹിതമായ 40% 716864/-രൂപ ബിൽനം.1/17 തീയതി, 21-11-2016 പ്രകാരം പിൻവലിച്ച് ജില്ലാ പ്രോജക്ട് ഓഫീസർ ആലപ്പുഴക്ക് നൽകിയിരുന്നു. തുക പൂർണ്ണമായും വിനിയോഗിച്ചു എന്നൊരു സാക്ഷ്യപത്രം മാത്രമാണ് പ്രോജക്ട് ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്ത് നൽകിയ തുക പഞ്ചായത്ത് പരിധിയിലുള്ള ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ ഇനങ്ങൾക്കായി ചെലവഴിച്ചു എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വിശദമായ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക കണക്ക് പരിശോധന

റസീപ്റ്റ് & പേയ്മെന്റ് പത്രിക

മുന്നിരുപ്പ് - 16638126

വരവ് - 70784752

ആകെ – 87422878

ചെലവ് – 58422998

നീക്കിയിരുപ്പ് – 28999880

ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക

ആദായം - 164099091

വ്യയം - 167080284

മൊത്ത നഷ്ടം - 2981193

പ്രിയർ പീരീഡ് ഇനം - (-) 2115493

അറ്റ നഷ്ടം - 865700

ബാലൻസ് ഷീറ്റ്

ആസ്തി - 97289389

ബാദ്ധ്യത - 87636681

പഞ്ചായത്ത് ഫണ്ട് - 9652708

പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെപറയുന്ന അപാകങ്ങൾ കാണുന്നു.

ക) തൻവർഷം റസിപ്റ്റ് & പേയ്മന്റ് പത്രിക പ്രകാരം (RP43) വാടക കുടിശ്ശിക വരവ് 235169 രൂപയും സ്ഥാപന തൊഴിൽ നികുതി കുടിശ്ശിക വരവ് 29000 രൂപയുമാണ്. എന്നാൽ 31/3/2016 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ കിട്ടാനുള്ള തുക (സൺട്രി ഡറ്റേഴ്സ് റിസീവബിൾസ്, B15) യഥാക്രമം 208306, 12990 രൂപ വീതമാണ്.

ഖ) സഞ്ചയ സോഫ്റ്റ്വെയർ തയ്യാറാക്കിയ മുതൽ - പിരിവ്- ബാക്കി (DCB) പത്രിക പ്രകാരം വസ്തുനികുതി(ഗാർഹിക ഗാർഹികേതര കെട്ടിടങ്ങളുടെ ആകെ) കുടിശ്ശിക ഡിമാന്റ് 5038536 രൂപയാണ്. എന്നാൽ 31/3/2016 ലെ ബാലൻസ് ഷീറ്റ് പ്രകാരം ഈ ഇനത്തിൽ കിട്ടാനുള്ള തുക (സൺട്രി ഡറ്റേഴ്സ് റിസീവബിൾസ്, B15) 3136249 രൂപ മാത്രമാണ്.

ഗ) സാംഖ്യ അക്കൌണ്ടിംഗ് സമ്പ്രദായം നടപ്പാക്കുന്നതിന് മുമ്പുള്ള ആസ്തി മൂല്യം തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇത് ആകെ ആസ്തിമൂല്യം കുറഞ്ഞ് നിൽക്കാൻ ഇടയാക്കുന്നു.

ഘ) ബാലൻസ് ഷീറ്റിൽ ആസ്തിയായി കാണിച്ചിട്ടുള്ള റിസീവബിൾസിൽ മുൻ വർഷ കുടിശ്ശികകൾ ഉണ്ടെങ്കിലും പ്രൊവിഷൻ നൽകിയിട്ടില്ല. ആകയാൽ ആസ്തി അധികമായി കാണാൻ ഇടയാകും.

ങ) ഭൂജല വകുപ്പിൽ തൻവർഷം പ്രോജക്ട് നം.11/17, 102/17, 142/17 എന്നിവ വഴി വിവിധ കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നിക്ഷേപിച്ച 15.74 ലക്ഷം രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ആസ്തിയായി (B18പട്ടിക) ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 06.04.2016 | 37500 | 8/17 വ്യത്യസ്ത കഴിവുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 37500 | 0 |
| ജില്ലാ പഞ്ചായത്ത് | 30.03.17 | 107700 | 19/17-ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 0 | 107700 |
| ബ്ലോക്ക് പഞ്ചായത്ത് | 18.03.17 | 107700 | 9/17-ഭിന്നശേഷിയുള്ള കുട്ടികൾക്ക് | 107575 | 125 |

| | | | | | |
|---|---|---|---|---|---|
| | | | സ്കോളർഷിപ്പ് | | |

4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി 102/17 | 1122/15-02.17 | 115000 | 0 | 115000 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | പട്ടികജാതി കോളനികളിലെ കുടിവെള്ള പദ്ധതികളുടെ അറ്റകുറ്റപ്പണി 11/17 | 28.3.17 ട്രഷറി പേയ്മെന്റ് | 1258878 | 0 | 258878 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്മെന്റ് | കൊച്ചുപാല വി.എസ്.സി കോളനി ബോർവെൽ സ്ഥാപിക്കൽ | 28.3.17 ട്രഷറി പേയ്മെന്റ് | 200000 | 0 | 200000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇഎംഎസ്സ് ഭവനപദ്ധതി | ജി.ഒ(ആർ.റ്റി)562/10 ത.സ്വ.ഭ.വ തീയതി.22.02.10 | 18852500 | 5075613 | 13776887 | 3102525 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 1448/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | ചെക്ക് നം. നമ്പർ/തിയ്യതി |
|---|---|---|---|---|
| 2013-14 | 3-2 | 827 | മുരുകൻ.ആർ, ജൂനിയർ സൂപ്രണ്ട് | 11601104084/ 24.01.17 |
| 2015-16 | 3-9 | 621 | | 11601104085/ 24.01.17 |

4-8സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70784752 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 58422998 |
| വരവിനങ്ങളിലുള്ള നഷ്ടം | 14862 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 2254 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5210290 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14862 | | ശ്രീ.നന്ദകുമാർ, സെക്രട്ടറി |
| 3-3 | | 2254 | ശ്രീ.നന്ദകുമാർ, സെക്രട്ടറി+ 10.02.2017 ലെ കമ്മറ്റിയിൽ പങ്കെടുത്തവർ (അനുബന്ധം 2 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്) |
| | 14862 | 2254 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 2087300 | ശ്രീ.എം.എ.ബിന്ദുരാജ്, സെക്രട്ടറി |
| 3-2 | 124713 | ശ്രീ.കെ.എം.രവി, അസിസ്റ്റന്റ് എൻജിനീയർ |
| 3-4 | 1573878 | ശ്രീ.നന്ദകുമാർ, സെക്രട്ടറി |
| 3-5 | 491900 | ശ്രീ.നന്ദകുമാർ, സെക്രട്ടറി |
| 3-7 | 50000 | ശ്രീ.നന്ദകുമാർ, സെക്രട്ടറി |
| 3-8 | 165635 | ഡോ.തനൂജ, മെഡിക്കൽ ഓഫീസർ |
| 3-9 | 716864 | ശ്രീമതി.ആർ.ഷൈലജ, പ്രധാനാധ്യാപിക |
| ആകെ | 5210290 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക |
|---|---|
| 3-6 | 531609 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-2

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.നന്ദകുമാർ, സെക്രട്ടറി | സെക്രട്ടറി, തൊളിക്കോട് പഞ്ചായത്ത് | ചന്ദ്രകമലം,മണപ്പുറം മലയൻകീഴ് |
| ശ്രീ. കെ.എം.രവി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, പാലമേൽ ഗ്രാമപഞ്ചായത്ത് | സൂര്യകാന്തി, മറ്റപ്പള്ളി, നൂറനാട് |
| ഡോ. തനൂജ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, പാലമേൽ ഗ്രാമപഞ്ചായത്ത് | തൊടുകയിൽ, പത്തംതുരുത്ത്, പെരുനാട് പി.ഒ, കൊല്ലം |
| ശ്രീമതി. ആർ.ശൈലജ, പ്രധാനാധ്യാപിക | പ്രധാനാധ്യാപിക, | സ്വാതി, തത്തംമുന്ന, |

| | | |
|---|---|---|
| | ഗവ.എൽ.പി.എസ്, എരുമക്കുഴി | നൂറനാട് |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 07-08, 08-09, 09-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11,11-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823 /16/28.7.16 |
| 2015-16 | നം.കെ.എസ്.എ/എ.എൽ.പി/പി 6/1332/16 തീയതി.2.12.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ

## അനുബന്ധം – 1

നം. കെ.എസ്.എ-എ.എൽ.പി/പി6-1369/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ.

തീയതി: 15.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പാലമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ

No. KSA-ALP/P6-1369/2017

Kerala State Audit Department,

District Audit Office, Alappuzha.

Date: 15.11.2017

*AUDIT CERTIFICATE*

Certified that I have audited the Annual Financial Statement of Palamel Grama Panchayat in Alappuzha District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayats.

In my opinion, the Financial Statements of Palamel Gramapanchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

.

.

Deputy Director

Kerala State Audit Department

Alappuzha

## അനുബന്ധം – 2

## 10.02.2017ലെ കമ്മറ്റിയിൽ പങ്കെടുത്തവരുടെ പേരുവിവരം

| വാർഡ് നം. | വാർഡിന്റെ പേര് | മെമ്പറുടെ പേരും മേൽവിലാസവും |
|---|---|---|
| 1 | മുതുകാട്ടുകര | സോമലത, പാലനിൽക്കുന്നതിൽ, മുതുകാട്ടുകര, നൂറനാട്.പി.ഒ. |
| 2 | പി.എച്ച്.സി. | സുനി, ആനന്ദ ഭവനം, മുതുകാട്ടുകര, നൂറനാട്.പി.ഒ. |
| 3 | കാവുംപാട് | എസ്.രജനി, പൊയ്കയിൽ, ഉളവുക്കാട്, നൂറനാട്.പി.ഒ. |
| 4 | മറ്റപ്പള്ളി | ജെ.ഓമന, അമ്പാടി, മറ്റപ്പള്ളി, നൂറനാട്.പി.ഒ. |
| 5 | ഉളവുക്കാട് | ലളിതാ രവി, അരുൺ നിവാസ്, ഉളവുക്കാട്, നൂറനാട്.പി.ഒ. |
| 6 | കുടശ്ശനാട് | സൂസമ്മ ചാക്കോ, മുക്കത്ത് വടക്കേതിൽ കുടശ്ശനാട്, കുടശ്ശനാട്.പി.ഒ. |
| 7 | പുലിക്കുന്ന് | പ്രസന്ന, പ്രസന്ന ഭവനം, പുലിക്കുന്ന്, കുടശ്ശനാട്.പി.ഒ. |
| 8 | കഞ്ചുകോട് | ഓമനാവിജയൻ, വിദ്യഭവനം, കഞ്ചുകോട്, കരമ്പാലതെക്ക്.പി.ഒ. |
| 9 | ആദിക്കാട്ടുകുളങ്ങര വടക്ക് | ബി.ജയദേവൻ, പൊൻമാന കിഴക്ക്, ആദിക്കാട്ടുകുളങ്ങര.പി.ഒ. |
| 10 | ആദിക്കാട്ടുകുളങ്ങര ടൌൺ | ഷൈലജ ഷാജി, കുന്നരുട്ടിവിള, ആദിക്കാട്ടുകുളങ്ങര.പി.ഒ. |
| 11 | ആദിക്കാട്ടുകുളങ്ങര തെക്ക് | എം.മുഹമ്മദ് അലി, പ്ലാവിള വടക്കേതിൽ, ആദിക്കാട്ടുകുളങ്ങര.പി.ഒ. |
| 12 | മാമൂട് | ഓമനക്കുട്ടൻ, പുത്തൻവിളകിഴക്കതിൽ, എരുമക്കുഴി, നൂറനാട്.പി.ഒ. |

| | | |
|---|---|---|
| 13 | പയ്യനല്ലൂർ | കെ.എം.വിശ്വനാഥൻ, കാഞ്ഞിരവിള തെക്കതിൽ, പയ്യനല്ലൂർ.പി.ഒ. |
| 14 | പള്ളിക്കൽ | കെ.ബിജു, കറമ്പാണിക്കൽ ഇടപ്പുര, പള്ളിക്കൽ, പണയിൽ.പി.ഒ. |
| 15 | മുകളുവിള | അഡ്വ.റ്റി.ഗോപാലകൃഷ്ണൻ, കെ.വി.ഭവൻ, പണയിൽ, പണയിൽ.പി.ഒ. |
| 16 | പണയിൽ | ശ്രീനി പണയിൽ, ശ്രീമന്ദിരം, പണയിൽ, പണയിൽ.പി.ഒ. |
| 17 | ഫാക്ടറി | എൻ.എൻ.വിജയൻപിള്ള, നെൽപ്പിള്ളിവിള, പണയിൽ, പണയിൽ.പി.ഒ. |
| 18 | എരുമക്കുഴി | എസ്.രാധിക, വലിയവീട്ടിൽ, പണയിൽ, പമയിൽ.പി.ഒ. |
| 19 | നൂറനാട് ടൌൺ | ആർ.മഞ്ജു, കുറ്റീലയ്യത്ത ശ്രീനിലയം, എരുമക്കുഴി, നൂറനാട്.പി.ഒ. |